പറഞ്ഞത് ശരിയാണ്. ഒരു ധാരണ ഉണ്ടായി അത് അനുസരിച്ച് രൂപ കെട്ടിവച്ചിട്ടുണ്ട്. 5 ലക്ഷത്തിൽ കൂടുതൽ നഷ്ടപരിഹാരം അനുവദിച്ച കേസുകളിൽ സർക്കാരിന്റെ അനുമതി വാങ്ങിയശേഷമേ തുക കെട്ടിവയ്ക്കാറുള്ളു. 50 ശതമാനം കേസുകളിൽ കോടതി തീർപ്പാകുന്ന മുറയ്ക്ക് തുക കെട്ടിവയ്ക്കും. അദാലത്ത് നടത്തി ഇതിന് തീരുമാനമെടുക്കാൻ ഗവണ്മെന്റ് ശ്രമിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: എ. ജി.യുടെയും റവന്യൂ സെക്രട്ടറിയുടെയും ഒപ്പീനിയനുവേണ്ടി കൊടുത്തുകഴിഞ്ഞു. ഒരു അദാലത്ത് വയ്ക്കാൻ അങ്ങ് മുൻകൈയെടുക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: തീർച്ചയായും. കാരണം, ഇത് ഭൂമി കൊടുത്തതാണ്. അദാലത്തിൽ തീർക്കാവുന്നതാണെങ്കിൽ അദാലത്ത് വയ്ക്കാം. അവർക്ക് നഷ്ട പരിഹാരം കൊടുക്കാൻതന്നെ വളരെ വൈകി. ഇനി ഇത് എത്രയുംവേഗം ലഭിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെയും താൽപ്പര്യം. അദാലത്ത് വച്ചാൽ തീർക്കാവുന്നതാണെങ്കിൽ അതിന് ഗവൺമെന്റ് മുൻകൈയെടുക്കും.

(11) ദുഃഖ വെള്ളിയാഴ്ച സംസ്ഥാനത്തെ മദ്യശാലകൾ അടച്ചിടാൻ നടപടി

ശ്രീ. റോഷി അഗസ്റ്റിൻ : ലോകമെമ്പാടുമുള്ള ക്രൈസ്തവരും സമസ്ത ജനവിഭാഗങ്ങളും പാവനമായി സ്മരിക്കുന്ന ദിനമാണ് ദുഃഖ വെള്ളിയാഴ്ച. ക്രൈസ്തവ വിശ്വാസം അനുസരിച്ച് ക്രിസ്തുമത സ്ഥാപകനായ യേശുക്രിസ്തുവിനെ യഹൂദന്മാർ വധിക്കപ്പെട്ടതായി ആചരിക്കുന്ന ദിനമാണ് അന്ന്. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും ഉൾക്കൊള്ളുന്ന പവിത്രമായ വിശ്വാസത്തിന്റെ പുനരാവിഷ്കരണമാണ് ദുഃഖ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നത്. ഇത് ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദുവാണ്. പീഡനം ഏറ്റ് തളർന്ന് കുരിശിലേറ്റി മരിക്കപ്പെട്ട ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ സ്മരണകളിൽ ക്രൈസ്തവർ ദുഃഖ വെള്ളിയാഴ്ച കുരിശിന്റെ വഴിയായി ആചരിക്കുന്നു. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും വിശുദ്ധിയുടെയും നാളായ ദുഃഖ വെള്ളിയാഴ്ചകളിൽ സംസ്ഥാനത്തെ മദ്യശാലകൾ അടച്ചിടാൻ നടപടിയുണ്ടാകണമെന്ന ആവശ്യമാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ക്രൈസ്തവർ ദുഃഖ വെള്ളിയാഴ്ച പാവനമായി സ്മരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതുപോലെ ഇതര മതവിഭാഗങ്ങളിൽപ്പെട്ട വിവിധ വിഭാഗക്കാരും

LIBRARY ARCHIVES Kerala Legislative Assembly

ജാതിക്കാരും പരിപാവനമായി കരുതുന്ന പല ദിവസങ്ങളുമുണ്ട്. ഇതെല്ലാം വളരെ പരിപാവനമായിത്തന്നെ കാത്തുസൂക്ഷിക്കണമെന്ന് താൽപ്പര്യമുണ്ടെങ്കിലും ഈ ദിവസങ്ങളിലെല്ലാം മദ്യഷാപ്പുകൾ അടയ്ക്കുകയെന്നുവച്ചാൽ അത് പ്രായോഗികമല്ല. അന്നേദിവസം ആദരവും ബഹുമാനവുമുള്ളവർ മദ്യപിക്കരുത്. അത് മാത്രമാണ് ശരിയായ പോംവഴി.

(12) സ്വകാര്യ ഗ്യാസ് കമ്പനികളുടെ ഗ്യാസ് ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് പിഴ ഈടാക്കുന്ന നടപടി

ശ്രീ. ജോണി നെല്ലൂർ: നമ്മുടെ സംസ്ഥാനത്ത് ഗ്യാസ് ഉപയോഗിച്ച് ധാരാളം വാഹനങ്ങൾ ഇന്ന് ഓടിക്കുന്നുണ്ട്. സംസ്ഥാനത്ത് ഗ്യാസ് ഫില്ലിംഗ് പമ്പുകൾ സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. എങ്കിലും വാഹനങ്ങൾക്ക് മതിയായ ഗ്യാസ് ഫിൽ ചെയ്യാനുള്ള പമ്പുകൾ ഇനിയും സ്ഥാപിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് പാചകവാതകം ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിനോട് ആർക്കും യോജിപ്പില്ല. പക്ഷേ, സൂര്യാ ഏജൻസിപോലെയുള്ള സ്വകാര്യ ഏജൻസികളുടെ ഗ്യാസ് സിലിണ്ടറുകൾ വാങ്ങി ഘടിപ്പിച്ച് സംസ്ഥാനത്തെ ഓട്ടോറിക്ഷകളടക്കമുള്ള ചെറു വാഹനങ്ങൾ ധാരാളം സർവ്വീസ് നടത്തുന്നുണ്ട്. ഇപ്പോൾ ഗവൺമെന്റിന്റെ കർശനമായ ഉത്തരവിന്റെ ഫലമായി പോലീസ്, അതുപോലെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് -ഈ ഉദ്യോഗസ്ഥൻമാരെല്ലാം സമ്പന്നൻമാരുടെ വാഹനങ്ങളൊന്നും പിടിക്കുന്നില്ല. ഉദ്യോഗസ്ഥൻമാരുടെ വാഹനങ്ങളിൽ തിരിഞ്ഞുനോക്കുന്നില്ല. പാവപ്പെട്ട ഓട്ടോറിക്ഷാ, തൊഴിലാളികൾ ഉപജീവനമാർഗ്ഗമായി കൊണ്ടുനടക്കുന്ന ഓട്ടോറിക്ഷയിൽ പ്രൈവറ്റ് ഗ്യാസാണ് ഉപയോഗിക്കുന്നത്. എൽ.പി.ജി. ഗ്യാസൊന്നും അല്ല. ഈ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ഈ വാഹനങ്ങൾ പിടിച്ചിടുന്നു. ഒരു ഓട്ടോറിക്ഷ ഓടിയാൽ എന്തു തുക കിട്ടുമെന്നുള്ളത് അങ്ങേക്കും അറിയാവുന്നതാണ്. വലിയ പിഴയടപ്പിച്ച സംഭവം ഒരുദിവസം ഉണ്ടായി. നിയമം എതിരാണെന്ന് എനിക്ക് അറിയാം. എങ്കിലും ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, സ്വകാര്യ ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷാ, തൊഴിലാളികളെ പീഡിപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. എത്രയും പെട്ടെന്നുതന്നെ ഗ്യാസ് ഫില്ലിംഗ് പമ്പുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിനുകൂടി അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):* വാഹനങ്ങളിൽ എൽ.പി.ജി. ഗ്യാസ് ഉപയോഗിക്കാം; അതേസമയം പാചകവാതകം ഉപയോഗിക്കാൻ പാടില്ല. സ്വകാര്യ കമ്പനികളിൽനിന്ന് ഉള്ളതായാലും ഗവൺമെന്റ് കമ്പനികളിൽനിന്ന് ഉള്ളതായാലും പാചക വാതകം ഉപയോഗിക്കാൻ പാടില്ല. വാഹന നിയമത്തിൽ ഇതിനുള്ള വ്യവസ്ഥയില്ല. അതുകൊണ്ട് അത് അനുവദിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly